## ഓണാഘോഷം – 2017

## ഘോഷയാത്ര

### നിർദ്ദേശങ്ങളും, നിബന്ധനകളും

1. ജൈവകൃഷി എന്ന വിഷയത്തെ ആസ്പദമാക്കി ചലനാത്മകമോ, നിശ്ചലമോ ആയ ദൃശ്യങ്ങൾ നാടകീയതയോടെ ഫ്ളോട്ടിൽ അവതരിപ്പിക്കുക.
2. ആശയങ്ങൾ ഒറ്റനോട്ടത്തിൽ തന്നെ കാണികളിലേയ്ക്ക് സംവേദനം ചെയ്യപ്പെടുന്നു എന്ന് ഉറപ്പാക്കും വിധം ഫേളോട്ടുകൾ ചിത്രീകരിക്കുക.
3. ഫ്ളോട്ടുകൾ ജീവസ്സുറ്റവയാക്കുന്നതിന് വർണ്ണപ്പൊലിമയോടൊപ്പം ജനമനസ്സുകളിൽ സ്ഥാനം പിടിച്ച വ്യക്തികൾ, കഥാപാത്രങ്ങൾ, കഥാവിഷയങ്ങൾ എന്നിവ കണ്ടെത്തി അവതരിപ്പിക്കുക.
4. വിവാദ വിഷയങ്ങളും, ജനമനസ്സുകളിൽ വിഭാഗീയത സൃഷ്ടിക്കുന്നവയും ഫ്ളോട്ടിന്റെ ആഖ്യാനത്തിൽ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കുക.
5. ഫ്ളോട്ടിന്റെ നീളം 18 അടി, ഉയരം 18 അടി, വീതി 10 അടി എന്നീ ക്രമത്തിൽ കവിയരുത്.
6. അപകടരമായ വസ്തുക്കൾ, സ്ഫോടക വസ്തുക്കൾ എന്നിവ ഫ്ളോട്ടുകളിൽ ഉപയോഗിക്കുന്നത് കർശനമായി ഒഴിവാക്കേണ്ടതാണ്.
7. സർക്കാർ നിബന്ധനകളുടേയും, നിയമങ്ങളുടേയും, നയങ്ങളുടേയും ലംഘനം കണ്ടെത്തിയാൽ ഫ്ളോട്ടുകൾ ഘോഷയാത്രയുടെ ഏതു ഘട്ടത്തിലും അവതരണത്തിൽ നിന്നും പിൻവലിക്കുവാൻ ഘോഷയാത്ര കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കും.
8. ഫ്ളോട്ടുകളുടെ രേഖാചിത്രവും, വിവരങ്ങളും ആഗസ്റ്റ് 22–ാം തീയതിയ്ക്കു മുമ്പായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഹെഡ് ഓഫീസിൽ പരിഗണനയ്ക്കായി സമർപ്പിക്കേണ്ടതാണ്.
9. വിവരങ്ങൾക്ക് താഴെ കാണുന്ന വിലാസവുമായി ബന്ധപ്പെടുക :


**കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്,**
**'കിസ്സാൻ ജ്യോതി', ഫോർട്ട്.പി.ഒ**
**തിരുവനന്തപുരം – 695 023**
**ഫോൺ : 0471 2471343, 2471 344**
**E-mail : kaicohotech@gmail.com**


**മാനേജിംഗ് ഡയറക്ടർ**